# സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

**ജവഹർ സഹകരണ ഭവൻ ,ഡി.പി.ഐ ജംഗ്ഷൻ**
**തൈക്കാട് പി.ഒ. വഴുതക്കാട് ,തിരുവനന്തപുരം 695 014**
ഫോൺ :0471-2468690,2468670

വിജ്ഞാപനം: 15/2024

വിജ്ഞാപന തിയ്യതി: 25-11-2024 അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 10-01-2025

താഴെപ്പറയുന്ന സഹകരണ സംഘം/ ബാങ്കുകളിൽ ഒഴിവുള്ള തസ്തികകളിലേക്ക് തെരെഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**നിയമന രീതി:** നേരിട്ടുള്ള നിയമനം. പരീക്ഷാബോർഡ് നടത്തുന്ന ഓൺലൈൻ പരീക്ഷയുടെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ പരീക്ഷ ബോർഡ് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം.

**നിയമന അധികാരി :** ബന്ധപ്പെട്ട സഹകരണ സംഘം / ബാങ്കുകൾ

**അപേക്ഷ സമർപ്പിക്കൽ:** ഒറ്റത്തവണ രെജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രെജിസ്ട്രേഷൻ പൂർത്തിയാക്കിയതിനു ശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി പരീക്ഷ ബോർഡിൻറെ വെബ്സൈറ്റിലൂടെ (www.cseb.kerala.gov.in) അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**കാറ്റഗറി നമ്പർ: 15/2024 ( ഡേറ്റാ എൻട്രി ഓപ്പറേറ്റർ )**

**വിദ്യാഭ്യാസ യോഗ്യത :**

(i) ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം. (ii) കേരള / കേന്ദ്ര സർക്കാർ അംഗീകരിച്ച സ്ഥാപനത്തിലെ ഡേറ്റാ എൻട്രി കോഴ്സ് പാസ്സായ സർട്ടിഫിക്കറ്റ്. (iii) ഒരു അംഗീകൃത സ്ഥാപനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്ത ഒരു വർഷത്തെ പ്രവർത്തി പരിചയം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ഒഴിവുകളുടെ എണ്ണം & ശമ്പള സ്കെയിൽ |
|---|---|---|
| 1 | അണ്ടൂർക്കോണം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക്3127,<br>തിരുവനന്തപുരം,Pin:695584<br>Phone:04712410204 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ജനറൽ)<br>Rs:16890 - 43660 (Scale of Pay) |
| 2 | പടിഞ്ഞാറെകൊല്ലം സർവ്വീസ് സഹകരണ ബാങ്ക്Q 73,<br>കൊല്ലം,Pin:691003<br>Phone:04742770959 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ജനറൽ)<br>Rs:17360 - 44650 (Scale of Pay) |
| 3 | കോട്ടയം സഹകരണ അർബൻ ബാങ്ക് ക്ലിപ്തം421,<br>കോട്ടയം,Pin:686001<br>Phone:04812566476 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ജനറൽ)<br>Rs:17590 - 45570 (Scale of Pay) |
| 4 | വാടാനപ്പള്ളി സർവീസ് സഹകരണ ബാങ്ക്F-211,<br>തൃശ്ശൂർ,Pin:680619<br>Phone:04872290250 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ജനറൽ)<br>Rs:14270 - 37880 (Scale of Pay) |
| 5 | തൃശ്ശൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്329,<br>തൃശ്ശൂർ,Pin:680004<br>Phone:04872388497 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ജനറൽ)<br>Rs:19250 - 51650 (Scale of Pay) |
| 6 | വല്ലപ്പുഴ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തംF1207,<br>പാലക്കാട്,Pin:679335<br>Phone:04662287239 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ജനറൽ)<br>Rs:18300 - 46830 (Scale of Pay) |
| 7 | വടകര ടൗൺ സഹകരണ അർബൻ സംഘം ക്ലിപ്തംNo. D 2822,<br>കോഴിക്കോട്,Pin:673101<br>Phone:04962525866 | ഡാറ്റ എൻട്രി ഓപ്പറേറ്റർ- 1<br>(ജനറൽ)<br>Rs:16890 - 43660 (Scale of Pay) |

1 പ്രായപരിധി 1/1/2024 ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാൽപ്പത്) വയസ്സ് കഴിയാൻ പാടില്ലാത്തതുമാകുന്നു. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചുവർഷത്തെ ഇളവ് അനുവദിക്കുന്നുണ്ട് . കൂടാതെ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുതിർന്ന വ്യക്തിക്കോ അവരുടെ അപ്രകാരമുള്ള മുതിർന്ന അംഗം മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ കുട്ടികൾക്കോ ഉയർന്ന പ്രായപരിധിയിൽ അഞ്ചു വർഷത്തെ ഇളവും, മറ്റു പിന്നോക്കവിഭാഗത്തിനും വിമുക്ത ഭടന്മാർക്കും പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങൾക്കും (EWS) മൂന്നു വർഷത്തെ ഇളവും, ഭിന്നശേഷിക്കാർക്ക് പത്ത് വർഷത്തെ ഇളവും, വിധവകൾക്ക് അഞ്ച് വർഷത്തെ ഇളവും ലഭിക്കുന്നതാണ്.

2 സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന ഓൺലൈൻ പരീക്ഷ 80 മാർക്കിനാണ്. ഒരു സംഘം / ബാങ്കിന്റെ യോഗ്യത ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥിയ്ക്ക് പ്രസ്തുത സംഘത്തിലെ അഭിമുഖം പരമാവധി 15 മാർക്കിന് ആയിരിക്കും. ആയതിൽ അഭിമുഖത്തിന് ഹാജരായാൽ മിനിമം 3 മാർക്ക് ലഭിക്കുന്നതാണ് . ബാക്കി 12 മാർക്ക് അഭിമുഖത്തിന്റെ പ്രകടനത്തിനുമാണ്.

3 ഉദ്യോഗാർത്ഥികൾ പരീക്ഷ ഫീസിനോടൊപ്പം സർക്കാരിന്റെ 13/08/2024 ലെ സ.ഉ.(കൈ).നം.17/2024/സഹ ഉത്തരവ് പ്രകാരമുള്ള 18% GST കൂടി അടക്കേണ്ടതാണ്.

4 ഉദ്യോഗാർത്ഥികൾക്ക് ഒന്നിൽ കൂടുതൽ സംഘം / ബാങ്കുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. പൊതു വിഭാഗക്കാർക്കും , വയസ്സ് ഇളവ് ലഭിക്കുന്നവർ ഉൾപ്പടെ ഉള്ളവർക്കും ( സഹകരണ ചട്ടം 183(1) പ്രകാരം ഒരു സംഘം / ബാങ്കിന് 150 രൂപയും , തുടർന്നുള്ള ഓരോ സംഘം /ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് അപേക്ഷയിലെ സംഘം / ബാങ്കിന് 50 രൂപയും തുടർന്നുള്ള ഓരോ സംഘം / ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം.**ഉദ്യോഗാർത്ഥികൾ സഹകരണ സർവീസ് പരീക്ഷ ബോർഡിൻറെ വെബ്സൈറ്റ് (www.keralacseb.kerala.gov.in) പരിശോധിച്ച് വിജ്ഞാപനം വായിച്ചുനോക്കിയതിനു ശേഷം ഓൺലൈൻ അപേക്ഷ സമർപ്പിക്കുക. തപാൽ മുഖേന അയക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ല.**

5 ഉദ്യോഗാർത്ഥികൾ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ പരീക്ഷ ഫീസ് ഒറ്റത്തവണ അടച്ചതിനുശേഷം സാങ്കേതിക തകരാറുമൂലം അക്കൗണ്ടിൽ നിന്നും ക്യാഷ് പോകുകയും, അപേക്ഷ പൂർണമാകാതെയും വരുന്ന സാഹചര്യത്തിൽ സഹകരണ സർവീസ് പരീക്ഷ ബോർഡിൽ ബന്ധപ്പെട്ട് നിർദേശം ലഭിച്ചതിനു ശേഷം മാത്രമേ വീണ്ടും ഫീസ് അടക്കാൻ പാടുള്ളു.

6 ഉദ്യോഗാർത്ഥികൾ ഓൺലൈൻ ആയി വിജ്ഞാപനപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ My Application നിന്നും അപേക്ഷ Print എടുത്തു സൂക്ഷിക്കേണ്ടതാണ്.

7 വിദ്യാഭ്യാസ യോഗ്യത : അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതിയ്ക്കു മുൻപായി നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8 സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് 3 % പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 14/07/2011 ലെ 54 / 2011 – ം നമ്പർ സർക്കുലറും, പ്രസ്തുത സർക്കുലറിന്റെ അനുബന്ധത്തിൽ മാറ്റം വരുത്തിക്കൊണ്ട് 24/01/2020 ലെ 8/ 2020 – ം നമ്പർ സർക്കുലർ പ്രകാരവും ഒഴിവു നികത്തുന്നതായിരിക്കും. സഹകരണ സംഘം / ബാങ്കുകളിൽ ജീവനക്കാരുടെ എണ്ണം നൂറോ അതിൽ കൂടുതലോ ആണെങ്കിൽ 100 വീതം എടുത്ത് 33,66,99 എന്നീ ക്രമ നമ്പറുകളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്കു നിയമനം നൽകികൊണ്ട് 3% സംവരണം പാലിക്കുന്നതാണ്.

9 അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി: 10-01-2025

സഹകരണ സർവീസ് പരീക്ഷാ ബോർഡിനു വേണ്ടി ,

റ്റി . സുരേഷ് കുമാർ

സെക്രട്ടറി

സഹകരണ സർവീസ് പരീക്ഷാ ബോർഡ്

തിരുവനന്തപുരം

സ്ഥലം : തിരുവനന്തപുരം

തീയതി : **25-11-2024**